**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10** | **16-09-2025 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനത്തിനുള്ള കാലതാമസം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആശ്രിത നിയമനം ലഭിക്കുന്നതിനായി വർഷങ്ങൾ കാത്തിരിക്കേണ്ട അവസ്ഥയുണ്ടാകുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒരു വർഷം ഒരു വകുപ്പിൽ ഒരു തസ്തികയിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമായി ആശ്രിത നിയമനം പരിമിതപ്പെടുത്തിയതിനാൽ നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | ആശ്രിത നിയമനത്തിലെ കാലതാമസം പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ആശ്രിത നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയും കൂടുതൽ തസ്തികകൾ ആശ്രിത നിയമനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിലവിലുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 29.03.2025 സ.ഉ(അച്ചടി)നം.4/2025/ഉഭപവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ആശ്രിത നിയമനത്തിനായി തയ്യാറാക്കിയ പട്ടികയിൽ എത്ര പേരുണ്ടെന്നും അതിൽ എത്ര ആളുകൾക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ; | (സി) | അതാത് ഭരണ വകുപ്പുകൾ മുഖാന്തിരവും പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പ് മുഖാന്തിരവും ആണ് ആശ്രിതനിയമനം നൽകി വന്നിരുന്നത് എന്നതിനാൽ ആശ്രിത നിയമനത്തിനായി തയ്യാറാക്കിയിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട അപേക്ഷകരുടെയും നിയമനം ലഭിച്ചവരുടേയും ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ആശ്രിതനിയമനം നല്കിയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ